മലയാള മനോരമ
ESTABLISHED 1888

28 November 2020



സിഎംഎഫ്ആർഐയിൽ ആരംഭിച്ച ലൈവ് ഫിഷ് കൗണ്ടറിൽ നിന്നുള്ള ദൃശ്യം.

# കൂടുകൃഷിയിൽ വിളവെടുത്ത ‘പെടയ്ക്കണെ’ മീൻ നേരിട്ടു വാങ്ങാം

കൊച്ചി● മത്സ്യപ്രിയർക്കു ശുദ്ധമായ മീൻ ലഭ്യമാക്കി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). കൂടുകൃഷിയിൽ വിളവെടുത്ത ജീവനുള്ള കാളാഞ്ചി, കരിമീൻ, ചെമ്പല്ലി, തിലാപ്പിയ മത്സ്യങ്ങൾ ഹൈക്കോടതിക്കു സമീപമുള്ള സിഎംഎഫ്ആർഐയിലെ ലൈവ് ഫിഷ് കൗണ്ടറിൽ നിന്നു നേരിട്ടു വാങ്ങാം.

കാർഷിക സാങ്കേതികവിദ്യാ വിവര കേന്ദ്രം (അറ്റിക്), കൃഷി വിജ്ഞാന കേന്ദ്രം എന്നിവയുടെ സഹായത്തോടെ കൂടുകൃഷി നടത്തുന്ന കർഷകരാണു വിൽപന നടത്തുന്നത്. കോവിഡ് പ്രതിസന്ധിയിൽ വലയുന്ന മത്സ്യകർഷകർക്കു വിപണിയൊരുക്കുകയെന്നതാണു പദ്ധതിയുടെ ലക്ഷ്യം.

പ്രത്യേക സജ്ജീകരണത്തിൽ മീനുകളെ ജീവനോടെ സൂക്ഷിച്ചിട്ടുള്ള ലൈവ് ഫിഷ് കൗണ്ടർ രാവിലെ 10 മുതൽ രാത്രി 7 വരെ പ്രവർത്തിക്കും.

കൃഷിക്കു വേണ്ട സാധനങ്ങൾ വിൽക്കുന്ന ഫാം സ്റ്റോർ, കർഷകരുടെ ഉൽപന്നങ്ങൾ വിൽക്കുന്ന ഫാം ഷോപ്പി എന്നിവയും ഇതിനൊപ്പം പ്രവർത്തിക്കുന്നുണ്ട്.